**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4764** **20-07-2022 - ൽ മറുപടിയ്ക്ക്**

**മുഴവഞ്ചേരി-ചൂണ്ടൽ റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൃശൂർ - കുറ്റിപ്പുറം പാതയിൽ മുഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാല് വരിയാക്കി കേച്ചേരി സെന്റർ അടക്കം വികസിപ്പിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയായ തൃശ്ശൂർ കുറ്റിപ്പുറം നാലുവരി പാത പദ്ധതിയ്ക്ക് (മെഴവഞ്ചേരി-ചൂണ്ടൽ) 10.07.2017 ൽ 50 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കുള്ള ഡി.പി.ആർ തയ്യാറാക്കി സാമ്പത്തികാനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബി മാനദണ്ഡ പ്രകാരം ഡി.പി.ആർ പുതുക്കി തയ്യാറാക്കുന്നതിനാവശ്യമായ അധിക വിവരങ്ങൾക്കായി അഡിഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്ന പ്രവൃത്തി നടന്നു വരുന്നു. കേച്ചേരി ജംഗ്ഷന്റെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്ററിൽ പുരോഗമിക്കുന്നു. |
| (ബി) | കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | കിഫ്ബി പദ്ധതിയായ തൃശ്ശൂർ കുറ്റിപ്പുറം നാലുവരി പാത പദ്ധതിയ്ക്ക് (മെഴവഞ്ചേരി-ചൂണ്ടൽ) 10.07.2017 ൽ 50 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കുള്ള ഡി.പി.ആർ തയ്യാറാക്കി സാമ്പത്തികാനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബി മാനദണ്ഡ പ്രകാരം ഡി.പി.ആർ പുതുക്കി തയ്യാറാക്കുന്നതിനാവശ്യമായ അധിക വിവരങ്ങൾക്കായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്ന പ്രവൃത്തി നടന്നു വരുന്നു. കേച്ചേരി ജംഗ്ഷന്റെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്ററിൽ പുരോഗമിക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി.യായ കേരള റോഡ് ഫണ്ട് ബോർഡ്, കിഫ്ബിക്ക് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്ന മുറയ്ക്കും കേച്ചേരി ജംഗ്ഷന്റെ ഡിസൈൻ തയ്യാറാക്കി കിട്ടുന്ന മുറയ്ക്കും അന്തിമ റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ നൽകുവാൻ സാധിക്കും. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രവൃത്തി കാലതാമസം കൂടാതെ യാഥാർത്ഥ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതി ലഭ്യമായാൽ കാലതാമസം കൂടാതെ പദ്ധതിപൂർത്തിയാക്കുന്നതിനുള്ളതുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ